**ചോദ്യോത്തരം**

**മുജീബ്**

# ഇടതുപക്ഷത്തിന്റെ നേരെ ദ്വിമുഖ തന്ത്രം

■ *'സമീപകാലത്ത് നടന്ന തെരഞ്ഞെടുപ്പുകളിൽ ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ വോട്ട് ചെയ്തത് ഇടതുപക്ഷത്തിനാണെങ്കിലും ജമാഅത്തിന്റെ മാർക്സിസ്റ്റ്-ഇടതുപക്ഷ വിരോധം പൂർവോപരി ശക്തിപ്രാപിച്ചിരിക്കുകയാണ്. മദ്യം, ലോട്ടറി, സെക്സ് എജുക്കേഷൻ, എ.ഡി.ബി വായ്പ തുടങ്ങി മിക്ക വിഷയങ്ങളിലും സർക്കാർനയങ്ങളെ ജമാഅത്ത് നിശിതമായി വിമർശിക്കുന്നു. സി.പി.എമ്മിന്റെ വളർച്ച തടയാൻ പദ്ധതികൾ ആവിഷ്കരിക്കുന്നു. മാർക്സിസ്റ്റ് പർട്ടിയിലെ മുസ്‌ലിം യുവാക്കളെ സോളിഡാരിറ്റിയിലേക്ക് കൊണ്ടുവരാൻ ആസൂത്രിതമായി കരുക്കൾ നീക്കുന്നു. യഥാർഥത്തിൽ ഇടതുപക്ഷത്തിന്റെ നേരെ ദ്വിമുഖതന്ത്രമാണ് ജമാഅത്ത് പയറ്റുന്നത്.'*

*ഒരു സി.പി.എം പ്രവർത്തകന്റെ ആരോപണങ്ങളാണിത്. മുജീബ് എങ്ങനെ പ്രതികരിക്കുന്നു?*

***റശീദ് വെളിയങ്കോട്***

**അ**ന്ധമായ പാർട്ടി പ്രതിബദ്ധതക്കപ്പുറത്ത് സംഭവങ്ങളെ സത്യസന്ധമായി വിലയിരുത്താൻ സാധിക്കാതെ പോവുന്നതാണ് ഇത്തരം ആരോപണങ്ങൾക്ക് ഹേതു. ജമാഅത്തെ ഇസ്‌ലാമി ശാശ്വത മത ധാർമിക മൂല്യങ്ങളിലും സാമൂഹിക നീതിയിലും ഊന്നുന്ന പ്രസ്ഥാനമാണെന്ന് തുറന്നു പറയാതെയല്ല കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ സ്ഥാനാർഥികളെ പിന്തുണച്ചത്. മാർക്സിസം മൗലികമായിത്തന്നെ ഇസ്‌ലാമുമായി പൊരുത്തപ്പെടാത്ത പ്രത്യയശാസ്ത്രമാണെന്ന വസ്തുതയും മറച്ചുവെച്ചിട്ടില്ല. സാമ്രാജ്യത്വം, ഫാഷിസം എന്നീ മുഖ്യവിപത്തുകൾക്കെതിരെ അവയെ എതിർക്കുന്ന ശക്തികളെ പിന്തുണക്കുക എന്ന തത്ത്വാധിഷ്ഠിത നയത്തിന്റെ ഭാഗമായാണ് ജമാഅത്ത് ഇടതുമുന്നണിക്ക് വോട്ട് നൽകിയത്. വോട്ടെടുപ്പിനും ജമാഅത്ത് അതിന്റെ നിലപാട് പ്രഖ്യാപിക്കുന്നതിനും മുമ്പ് സി.പി.എം-ഇടത്പാർട്ടി നേതാക്കളുമായി നടത്തിയ ചർച്ചകളിലാവട്ടെ എൽ.ഡി.എഫ് അധികാരത്തിലേറിയാൽ ഘട്ടംഘട്ടമായുള്ള മദ്യനിരോധം, എ.ഡി.ബി വായ്പകൾ സ്വീകരിക്കുന്നതിലെ നിയന്ത്രണം, ഒ.ബി.സി സംവരണം പോലുള്ള പ്രശ്നങ്ങളിൽ അനുകൂല സമീപനം വേണമെന്ന് കൃത്യമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആവശ്യങ്ങളോട് അനുഭാവപൂർവമാണ് ഇടതുനേതൃത്വം പ്രതികരിച്ചത്. അധികാരത്തിലേറിയ ശേഷവും വാഗ്ദാനങ്ങൾ ഓർമിപ്പിക്കുകയും പാളിച്ചകൾ തിരുത്താൻ ജമാഅത്ത് നേതൃത്വം ഉത്തരവാദപ്പെട്ടവരെ ഉണർത്തുകയുമുണ്ടായി. എന്നാൽ തുടർ നടപടികൾ ശരിയായ ദിശയിൽ ഉണ്ടായില്ലെന്നു മാത്രമല്ല ലൈംഗിക വിദ്യാഭ്യാസം പോലുള്ള വിവാദ പരിപാടികളിലേക്ക് സർക്കാർ കടക്കുകയും ചെയ്തു. ഇത്തരം ഘട്ടങ്ങളിൽ എല്ലാം കണ്ടില്ലെന്നു നടിച്ച് ഹജ്ജ് കമ്മിറ്റി-വഖ്ഫ് ബോർഡ് പ്രാതിനിധ്യം ആവശ്യപ്പെട്ട് അടങ്ങിയിരിക്കാൻ കഴിയുന്ന സംഘടനയല്ല ജമാഅത്തെ ഇസ്‌ലാമി. തത്ത്വാധിഷ്ഠിതമാണ് അതിന്റെ പിന്തുണയും എതിർപ്പും. ഇപ്പോഴും സ്മാർട്ട്സിറ്റി, നിയമവിരുദ്ധ ഭൂമി കൈയേറ്റക്കാരെ ഒഴിപ്പിക്കൽ പോലുള്ള നിലപാടുകളെ ജമാഅത്ത് പിന്തുണക്കുന്നു. പാളിച്ചകൾ ചൂണ്ടിക്കാട്ടുന്നത് ഇരട്ടത്താപ്പോ ദ്വിമുഖ തന്ത്രമോ ആണെങ്കിൽ ബി.ജെ.പിക്കെതിരെ യു.പി.എ സർക്കാറിനെ പിന്താങ്ങുകയും അതേസമയം മൻമോഹൻ ഗവൺമെന്റിന്റെ പല നയങ്ങളെയും എതിർക്കുകയും ചെയ്യുന്ന സി.പി.എം നിലപാടിനെ പറ്റി പാർട്ടി പ്രവർത്തകർ എന്താണ് പറയുക? മാർക്സിസ്റ്റ് പാർട്ടിയിലെന്നല്ല മറ്റെല്ലാ നിരീശ്വര നിർമത കേവല ഭൗതിക പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന യുവജനങ്ങളെ ധർമപാതയിലേക്ക് കൊണ്ടുവരിക എന്നത് സോളിഡാരിറ്റിയുടെ പ്രഖ്യാപിത ദൗത്യമാണ്. വിയോജിക്കുന്നവർക്ക് ആശയസമരത്തിലൂടെ ഇതിനെ നേരിടാം. അല്ലാതെ ആദർശം ബലികഴിച്ച് അവസരവാദ രാഷ്ട്രീയം കളിക്കാൻ ഇസ്‌ലാമിക യുവജന പ്രസ്ഥാനത്തിനാവില്ല.

## 'ചില്ലു മേടയിലിരുന്ന് കല്ലെറിയരുത്'

■ *'ഞങ്ങളെ സഹായിച്ചാൽ തിരിച്ചും സഹായിക്കും' എന്നത് സങ്കുചിതത്വമാണ് എന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ പറഞ്ഞതായി മാധ്യമത്തിൽ വായിച്ചു. വ്യക്തികളിൽ മുതൽ സംഘടനകളിൽവരെ തങ്ങളെ സഹായിച്ചതിന് പകരം തിരിച്ച് സഹായിക്കാത്തവരായി ആരുണ്ട്; അത് മതപരമായാലും രാഷ്ട്രീയമായാലും? മാത്രമല്ല ഇത് മനുഷ്യപ്രകൃതിയുമല്ലേ? ബോധപൂർവം ഒരു മതപണ്ഡിതനുനേരെ എറിയുന്ന അസ്ത്രമല്ലേ ഇത്?*

***എം.സി മമ്മുദു, പറപ്പൂർ***

**ത**ന്നെ സഹായിച്ചവനെ തിരിച്ചും സഹായിക്കുക എന്ന പ്രകൃതിസഹജമായ വികാരത്തെ ആരും ചോദ്യം ചെയ്തില്ല. ചോദ്യം ചെയ്തത്, ഒരു മതസംഘടനയുടെ പ്രഖ്യാപിത രാഷ്ട്രീയനിലപാട് ഇസ്‌ലാമിക മാനദണ്ഡങ്ങൾക്കും താത്ത്വിക നിലപാടുകൾക്കും പകരം വെറും കച്ചവടമനസ്സോടെയുള്ള പരസ്പരസഹായനയം ആയിത്തീരുന്നതിനെയാണ്. സ്കൂളും ഹജ്ജ് കമ്മിറ്റി -വഖ്ഫ് ബോർഡ് അംഗത്വവും തരുന്നത് ആരായാലും അവർക്ക് വോട്ടുചെയ്യുക എന്ന നിലപാടിന് മറ്റെന്ത് ന്യായീകരണമുണ്ടായാലും ഇസ്‌ലാമിന്റെ രാഷ്ട്രീയ വീക്ഷണവുമായോ തത്ത്വാധിഷ്ഠിത രാഷ്ട്രീയവുമായോ ഒരു ബന്ധവും അതിനില്ല. ഉപര്യുക്ത ഓഫറുകൾ നൽകുന്നത് ബി.ജെ.പി ആണെങ്കിൽ അവരെയും സഹായിക്കും എന്നല്ലേ ഇതിന്റെ സ്വാഭാവിക താൽപര്യം? മനസ്സാക്ഷിയുള്ളവർക്ക് ന്യായീകരിക്കാനാവുമോ ഈ നിലപാടിനെ?

## പ്രതിരോധത്തിന്റെ അപക്വ ന്യായീകരണം

■ *"പ്രവാചകനോട്(സ) ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ വസ്തു പിടിച്ചെടുക്കാൻ ആരെങ്കിലും വന്നാൽ ഞാൻ എന്തു ചെയ്യണം?' തിരുമേനി പറഞ്ഞു: 'നിന്റെ ധനം അവനു കൊടുക്കരുത്' അയാൾ വീണ്ടും ചോദിച്ചു: 'അവൻ എന്റെ മേൽ ബലപ്രയോഗം നടത്തിയാലോ?' പ്രവാചകൻ(സ) പറഞ്ഞു: 'നീ തിരിച്ചു അവനോടും ബലപ്രയോഗം നടത്തണം.' അയാൾ സംശയം പ്രകടിപ്പിച്ചു: 'അതിൽ അയാൾ എന്നെ കൊന്നാൽ എന്തായിരിക്കും അവസ്ഥ?' പ്രവാചകൻ പറഞ്ഞു: 'അങ്ങനെ സംഭവിച്ചാൽ നീ രക്തസാക്ഷിയായിരിക്കും.' അയാൾ വീണ്ടും ചോദിച്ചു: 'ഞാൻ അയാളെ കൊന്നാലോ?' തിരുമേനി പറഞ്ഞു: 'അവൻ നരകത്തിലാണ്' (മുസ്‌ലിം). സാമൂഹിക ജീവിതത്തിന്റെ ജീർണവശങ്ങളിലൂടെ കടന്നുവരുന്ന ഇത്തരം അനുഭവങ്ങളോട് പ്രതികരിക്കുന്ന കാര്യത്തിൽ പ്രത്യയശാസ്ത്രസങ്കീർണതകളൊന്നും തന്നെ പ്രവാചകനുണ്ടായിരുന്നില്ലെന്ന കാര്യം ശ്രദ്ധേയ*

*മാണ്. ഒരു ഭാഗത്ത് മുസ്‌ലിമും മറുഭാഗത്ത് അക്രമിയുമെന്ന സാഹചര്യത്തിന് ഇരയും പിടിച്ചുപറിക്കാരനുമെന്നതിലുപരി മറ്റൊരു വ്യാഖ്യാനവും ഇവിടെയുണ്ടായില്ല. പ്രബോധകനും പ്രബോധിതനുമെന്ന ഒരു സമവാക്യം സാമൂഹിക ജീവിതത്തിലെ ദൈനംദിനാനുഭവങ്ങളുമായി അനവസരത്തിൽ ചേർത്തു പിടിക്കുന്നത് ശരിയല്ല" (എൻ.ഡി.എഫ് നേതാവ് എ. സഈദിന്റെ ലേഖനത്തിൽനിന്ന് - ബോധനം ദ്വൈമാസിക, മെയ്-ജൂൺ 2007).*

*ഇവിടെ ഉദ്ധരിച്ച ഹദീസിന്റെ പശ്ചാത്തലം എന്താണ്? സായുധ സംഘടിത പ്രതിരോധത്തിന് സാധുത നൽകുന്നതാണോ ഈ ഹദീസ്?*

***അബൂ റിജു, ബഹ്റൈൻ***

**പ**ലതവണ ചൂണ്ടിക്കാട്ടിയപോലെ മറ്റെല്ലാ നിയമസംഹിതകളെയും ധർമശാസ്ത്രങ്ങളെയും പോലെ വ്യക്തിയുടെയും സ്റ്റേറ്റിന്റെയും ആത്മരക്ഷക്കുള്ള അവകാശത്തെ അംഗീകരിച്ച ആദർശമാണ് ഇസ്‌ലാം. അതിൽ കവിഞ്ഞ ഒന്നും ഉദ്ധരിക്കപ്പെട്ട ഹദീസിലില്ല. ആത്മരക്ഷാവകാശമാകട്ടെ മുസ്‌ലിമിൽ മാത്രം പരിമിതവുമല്ല; ഏത് മനുഷ്യനും അത് ബാധകമാണ്. തന്റെ ജീവനു വേണ്ടിയോ ധനത്തിനു വേണ്ടിയോ അഭിമാനത്തിനു വേണ്ടിയോ ആരെങ്കിലും കൊല്ലപ്പെട്ടാൽ അയാൾ രക്തസാക്ഷിയാണ് എന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ടല്ലോ.

വിഷയം അതല്ല. ഇന്ത്യാ രാജ്യത്ത് നിലനിൽക്കുന്ന ഹിന്ദു-മുസ്‌ലിം സ്പർധ മാനവികവും ധാർമികവുമായ ഇടപെടലുകളിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്നതിനു പകരം വർഗീയ ധ്രുവീകരണം സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യാനും മുസ്‌ലിം ന്യൂനപക്ഷ മനസ്സുകളിൽ സായുധ തിരിച്ചടിയുടെ അപകടകരമായ വികാരം വളർത്താനും ഇസ്‌ലാം അനുവദിക്കുന്നുണ്ടോ എന്നുള്ളതാണ് വിവാദത്തിന്റെ കേന്ദ്രബിന്ദു. പ്രബോധിത സമൂഹത്തെ മൊത്തം പ്രകോപിപ്പിക്കാനും ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കാനും മാത്രം ഉതകുന്ന പ്രതിരോധ ശൈലി പ്രവാചകൻ പഠിപ്പിച്ചതാണോ? ഇരുളിന്റെ മറവിൽ പ്രതിയോഗികളെന്ന് കരുതുന്നവരെ വെട്ടിയും കുത്തിയും കൊന്നും ഓടിയൊളിക്കുകയും പോലീസ് പിടികൂടുമ്പോൾ കള്ളം പറയുകയും ചെയ്യുന്ന ശൈലിയും പ്രവാചക മാതൃകയിലുണ്ടോ? ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവർ സ്വന്തം സമുദായക്കാർ തന്നെയാണെങ്കിലും അവരെ ശാരീരികമായി ഒതുക്കുന്ന 'ജിഹാദ്' ഏത് സുന്നത്തിലുള്ളതാണ്? തെറ്റായ ഒരു തത്ത്വശാസ്ത്രവും വിനാശകരമായ ഒരു കർമമാർഗവും തെരഞ്ഞെടുത്ത ശേഷം പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചു രക്ഷപ്പെടാൻ ശ്രമിക്കുന്നത് ജനങ്ങൾ തിരിച്ചറിയും.

## കുത്തക വിരുദ്ധ സമരം

■ *ഇന്ന് ഇസ്‌ലാമിക പ്രവർത്തകരിൽ നിന്ന് സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെയും കുത്തകകളുടെയും ഉത്പന്നങ്ങൾ ബഹിഷ്കരിക്കാനുള്ള ആഹ്വാനം മുഴങ്ങിക്കേൾക്കുന്നു. പക്ഷേ, നിലവിൽ നിലവാരമുള്ള ഉത്പന്നങ്ങൾ ലഭിക്കണമെങ്കിൽ, ഗൾഫ് സ്വാധീനമുള്ള കേരളത്തിൽ വിശേഷിച്ചും ഇത്തരം കുത്തകകളെ തന്നെയല്ലേ ആശ്രയിക്കേണ്ടിവരിക? നാടിനും നാട്ടുകാർക്കും പുരോഗതി പ്രാപിക്കണമെങ്കിൽ ഇത്തരം കുത്തകകൾക്കു നേരെ കണ്ണ്ചിമ്മുന്നതല്ലേ ഉചിതം? അമേരിക്കയിലോ ബ്രിട്ടനിലോ ജോലിയുള്ള ഇസ്‌ലാമിക പ്രവർത്തകന്റെ സാമ്രാജ്യത്വ വിരോധം എവിടെയാണ് പ്രകടമാക്കുക?*

***ശാദിയാസ് പള്ളിക്കൽ***

**എ**ല്ലാം വിധിയെന്നും യാഥാർഥ്യമെന്നും മാറ്റാനാവില്ലെന്നും സമാധാനിച്ച് കീഴടങ്ങുന്നതും മാറ്റേണ്ടത് മാറ്റിയേ തീരൂ എന്ന് തീരുമാനിച്ച് പോരാട്ടത്തിനിറങ്ങുന്നതും തമ്മിൽ മൗലികമായിത്തന്നെ അന്തരമുണ്ട്. രണ്ടാമത് പറഞ്ഞ നിശ്ചയദാർഢ്യം പ്രകടിപ്പിച്ചവർ ഉണ്ടായിരുന്നില്ലെങ്കിൽ ലോകത്ത് എക്കാലത്തും ഏകാധിപത്യവും കുടുംബവാഴ്ചയും സാമ്രാജ്യത്വവും കുത്തകവത്കരണവും തുടരേണ്ടതായിരുന്നു. അങ്ങനെയല്ല ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. മഹാത്മാക്കളായ പ്രവാചകവര്യന്മാരും പ്രബോധകരും പരിഷ്കർത്താക്കളും, നിലനിൽക്കുന്ന തിന്മയുടെ ശക്തികൾക്കും അവരുടെ ബഹുവിധ സ്വാധീനങ്ങൾക്കുമെതിരെ പൊരുതിയവരാണ്. മൂന്ന് വർഷം കുടുംബത്തെയാകെ സമ്പൂർണ പട്ടിണിക്കിട്ട ഖുറൈശികൾക്കെതിരായ ആശയസമരം അതിന്റെ പേരിൽ പ്രവാചകൻ ഉപേക്ഷിച്ചുവോ? 90 വർഷക്കാലം ബൈത്തുൽ മഖ്ദിസ് കീഴടക്കിവെച്ച കുരിശുയുദ്ധ യൂറോപ്യൻ സാമ്രാജ്യക്കൂട്ടായ്മയെ വിധിയെന്ന് സമാധാനിച്ച് മുസ്‌ലിം സമൂഹം പൊറുപ്പിച്ചിരുന്നെങ്കിൽ പിൽക്കാല ചരിത്രം എന്താവുമായിരുന്നു? താൽക്കാലിക നഷ്ടങ്ങളും അസൗകര്യങ്ങളും ഭയന്ന് പിന്മാറുന്ന ഭീരുക്കൾക്ക് ഒരു പോരാട്ടവും വിജയിപ്പിക്കാനാവില്ല. കിണറ്റിൽ ചാടി മരിക്കാൻ പോയപ്പോൾ നീർക്കോലിയെ കണ്ട് പിന്മാറിയ സ്ത്രീയുടേതാവരുതല്ലോ ആദർശവീര്യവും വിശ്വാസദാർഢ്യവും പ്രകടിപ്പിക്കേണ്ട ഒരു സമൂഹത്തിന്റെ മാനസികാവസ്ഥ.

ആഗോളീകരണ യുഗത്തിൽ ബഹുരാഷ്ട്ര കുത്തകകൾ വിപണി കീഴടക്കിയിട്ടുണ്ടെന്നത് സത്യമാണ്. വൻ പരസ്യങ്ങളുടെ പിൻബലത്തോടെ അവർ ഇറക്കുന്ന ബ്രാൻഡ്നെയിം മനുഷ്യമനസ്സുകളെ കീഴടക്കുന്നുണ്ടെന്നതും വസ്തുത തന്നെ. അതേസമയം ഈ ദുൻയാവിൽ ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് സാധാരണ മനുഷ്യ കരങ്ങളെ പ്രയോജനപ്പെടുത്തിയാണ് ഏത് കുത്തക കമ്പനിയും ഉൽപാദനം നടത്തുന്നതെന്ന യാഥാർഥ്യം കാണാതിരിക്കരുത്. പാക്കിംഗിന്റെ വശ്യതയും പരസ്യങ്ങളുടെ മായാപ്രപഞ്ചവും ഇല്ലെങ്കിലും ഗുണമേന്മയുള്ള ഉൽപന്നങ്ങൾ കുത്തകേതര കമ്പനികൾ ഉൽപാദിപ്പിക്കുന്നുണ്ട്. കുത്തകകളുടെ ഉൽപന്നങ്ങളാവട്ടെ പലതും വെറും ആഡംബരവസ്തുക്കളാണ്. ഉപേക്ഷിച്ചാൽ ഒരു നഷ്ടവും ഇല്ലെന്നു മാത്രമല്ല ധനനഷ്ടവും ആരോഗ്യ നഷ്ടവും ഒഴിവാക്കുകയും ചെയ്യാം. നിവൃത്തിയില്ലെങ്കിൽ അനുപേക്ഷ്യമായ വസ്തുക്കൾ കുത്തക കമ്പനികളുടേതാണെങ്കിലും വാങ്ങിക്കൂടെന്ന ശാഠ്യം ബഹിഷ്ക്കരണവാദികൾക്കില്ലതാനും. അമേരിക്കയിലും യൂറോപ്പിലുമൊക്കെ കുത്തക ഉൽപന്നങ്ങളേയുള്ളൂ എന്ന ധാരണ തെറ്റാണ്. അതേസമയം പരമാവധി ലളിത ജീവിതശൈലി ഏത് രാജ്യത്തും സാധ്യമാണ്. കണ്ടതൊക്കെ വാങ്ങിക്കൂട്ടണമെന്നും കിട്ടിയതൊക്കെ വെട്ടിവിഴുങ്ങണമെന്നും ആരാണ് നിർബന്ധിക്കുന്നത്? അവശ്യസാധനങ്ങൾ നിർമിക്കാൻ ദൈവം തന്ന ബുദ്ധിയും കൈകളും കോൾഡ് സ്റ്റോറിൽ വെക്കണമെന്ന് പടച്ചവൻ പറഞ്ഞിട്ടുണ്ടോ? സാധ്യമായത് കുടുംബങ്ങൾ സ്വയം നിർമിക്കാൻ തീരുമാനിച്ചാൽ തന്നെ ഒന്നാംതരം കുത്തക ബഹിഷ്കരണമാവും.

## നിരാഹാര സമരം

■ *പ്ലാച്ചിമടയിൽ സോളിഡാരിറ്റി പ്രവർത്തകർ 24 മണിക്കൂർ ഉപവസിച്ചതായി വാർത്ത കണ്ടു. നിരാഹാര സത്യഗ്രഹം ഇസ്‌ലാമികമാണോ? ഇത്തരത്തിലുള്ള സമരരീതികൾക്ക് ഇസ്‌ലാമിൽ മാതൃകയുണ്ടോ?*

***സിദാഖ്, തിരുവിഴാംകുന്ന്***

**ജീ**വഹാനിയിൽ കലാശിക്കാത്ത ഉപവാസ സമരരീതി തെറ്റാണെന്ന് പറയാൻ തെളിവുകളില്ല. മരണം സുനിശ്ചിതമാവുന്ന ഘട്ടത്തിലും നിരാഹാര സമരം തുടരുന്നതിനെക്കുറിച്ചാണ് ഭിന്നാഭിപ്രായം. ■